**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3980 — 16/05/2017 - ൽ മറുപടിക്ക്

**അഗതി രഹിത കേരള സംസ്ഥാനം**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. അനൂപ് ജേക്കബ്<br>ശ്രീ. എൽദോസ് കുന്നപ്പിള്ളി<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.സണ്ണി ജോസഫ് | ഡോ.കെ.ടി.ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) കേരളത്തെ അഗതി രഹിത സംസ്ഥാനമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;<br><br>(ബി) അഗതികളായിട്ടുള്ളവരുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിവരിക്കുമോ; | (എ) & (ബി) ഉണ്ട്. 2017-18 സാമ്പത്തിക വർഷത്തോടു കൂടി കേരളത്തെ അഗതിരഹിത സംസ്ഥാനമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പ് കുടുംബശ്രീയുമായി ചേർന്ന് ആരംഭിച്ചിട്ടുണ്ട്. ഇതിനായിട്ടുള്ള സർവ്വേയും പദ്ധതി തയ്യാറാക്കലും ഉടൻ തന്നെ ആരംഭിക്കുന്നതാണ്. പ്രസ്തുത സർവ്വേയിൽ നിലവിലുള്ളതും ഉൾപ്പെട്ടിട്ടില്ലാത്തതുമായ അർഹരായ മുഴുവൻ ഗുണഭോക്താക്കളെയും കണ്ടെത്തുകയും അനർഹരെ ഒഴിവാക്കുകയും ചെയ്ത് തദ്ദേശസ്വയംഭരണതലത്തിൽ ഒരു ലിസ്റ്റാക്കി പ്രസിദ്ധീകരിക്കുന്നതിനും ഇവർക്കായി ഏകീകരിച്ച ഒരു പദ്ധതി തയ്യാറാക്കുന്നതിനുമാണ് തീരുമാനിച്ചിട്ടുള്ളത്. |
| (സി) ഈ പദ്ധതി നടപ്പാക്കുന്നതിനു മുൻപ് ആശ്രയ പദ്ധതിയുടെ ഒരു വിലയിരുത്തൽ പഠനം നടത്താൻ ഗവൺമെന്റ് തയ്യാറാകുമോ? | (സി) വിലയിരുത്തൽ പഠനം നടത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ